

# THE BIBLE TRUTH

| ഒരു വർഷത്തേക്കുള്ള വാക്യപഠനം | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
| ആത്മാവ് നേടൽ | പ്രവൃത്തി 20:20 | മത്തായി 9.37–38 | മത്തായി 5:13 | റോമർ 4:2,3 | 1കൊരിന്ത്യർ 5:58 | മർക്കൊസ് 5:19 | ലൂക്കൊസ് 19.10 | റോമർ 10:1 | സദൃശവാക്യം 1:10 | യാക്കൊ 5:19 | മർക്കൊസ് 1:17 | ലൂക്കൊസ് 15:10 |
| ആത്മ സമർപ്പണം | മത്തായി 4:4 | ഫിലിപ്പിയർ 1:21 | റോമർ 12:1,2 | എഫെ 2:10 | ലൂക്കൊസ് 14:27 | മത്തായി 6:33 | മത്തായി 4:10 | മത്തായി 10:37 | കൊലൊസ്യർ 3:17 | ഗലാത്യർ 2:20 | 2കൊരിന്ത്യർ 5:17 | ലൂക്കൊസ് 9:23 |
| ക്രിസ്തീയ ജീവിതം | യോഹന്നാൻ 2:15,16 | 2കൊരിന്ത്യർ 5:17 | 1കൊരിന്ത്യർ 9:13,14 | മർക്കൊസ് 12:30,31 | മത്തായി 23:12 | 2കൊരിന്ത്യർ 6:14,17 | എബ്രായർ 7:8 | മത്തായി 26:41 | മത്തായി 6:6 | എബ്രായർ 10:25 | റോമർ 14:21 | മത്തായി 6:14,15 |
| ദൈവം | എബ്രായർ 11:6 | 1യോഹന്നാൻ 1:5 | യാക്കൊബ് 1:17 | 1യോഹന്നാൻ 4:8 | എബ്രായർ 10:30,31 | 2 തിമൊ 2:13 | 1തിമൊ 2:4 | എബ്രായർ 12:29 | 2 പത്രൊസ് 3:4 | യോഹന്നാൻ 4:24 | ലൂക്കൊസ് 1:37 | പുറപ്പാട് 20:56 |
| ക്രിസ്തു | ലൂക്കൊസ് 24:44 | ലൂക്കൊസ് 2:11 | 1 തിമൊ 1:15 | യോഹന്നാൻ 10:30 | മത്തായി 16:16 | മത്തായി 17:5 | യോഹന്നാൻ 11:25,26 | യോഹന്നാൻ 8:58 | മത്തായി 1:21 | യോഹന്നാൻ 1:29 | ലൂക്കൊസ് 1:32 | യോഹന്നാൻ 8:12 |
| വീണ്ടെടുപ്പ് | യോഹന്നാൻ 16:8 | എഫെസ്യർ 2:8,9 | യോഹന്നാൻ 3:16 | പ്രവൃത്തി 4:12 | 2കൊരിന്ത്യർ 8:4 | റോമർ 6:23 | 2കൊരിന്ത്യർ 5:21 | തിതൊസ് 2:11–14 | റോമർ 3:23 | യെശയ്യാവ് 53:6 | റോമർ 1:16 | റോമർ 4:25 |
| പരിവർത്തനം | റോമർ 6:3–4 | പ്രവൃത്തി 18:8 | ലൂക്കൊസ് 24:46,47 | ഗലാത്യർ 3:27 | പ്രവൃത്തി 2:38 | റോമർ 10:9–10 | 1പത്രൊസ് 3:21 | മർക്കൊസ് 16:15,16 | യോഹന്നാൻ 3:5 | പ്രവൃത്തി 3:19 | മത്തായി 28:19 | പ്രവൃത്തി 22:16 |
| സഭ | യോഹന്നാൻ 10:16 | മത്തായി 3:2 | മത്തായി 4:17 | മത്തായി 10:7 | 1കൊരിന്ത്യർ 1:10 | എഫെസ്യർ 4:11 | എഫെസ്യർ 4:4–6 | മർക്കൊസ് 9:1 | മത്തായി 16:18 | പ്രവൃത്തി 2:47 | 1കൊരിന്ത്യർ 3:11 | റോമർ 16:16 |
| വിവാദം | 2യോഹന്നാൻ 9–11 | യോഹന്നാൻ 17:20,23 | മത്തായി 7:21 | മത്തായി 23:9 | മത്തായി 15:13,14 | ലൂക്കൊസ് 6:46 | മർക്കൊ 7:7 | യാക്കൊ 2:24 | യോഹന്നാൻ 14:6 | യൂദാ 3 | മത്തായി 22:29 | ഗലാത്യർ 1:8–9 |
| തീരുമാനം | മത്തായി 25:46 | മത്തായി 23:37 | 2കൊരി 5:10 | യോഹന്നാൻ 1:11,12 | മത്തായി 7:13,14 | മത്തായി 6:19,20 | മത്തായി 11:28–30 | ഗലാത്യർ 6:7,8 | മർക്കൊസ് 8:36 | യോഹന്നാൻ 6:27 | മത്തായി 12:30 | ലൂക്കൊസ് 12:15 |

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

Vol. 15 July 2001 No. 4

## എഡിറേറാറിയൽ

ജനങ്ങളുടെ വർദ്ധനവിനോടൊപ്പം അധികമായിക്കൊണ്ടിരിക്കുന്ന ചില കാര്യങ്ങൾ ഉണ്ട്. അവയിൽ ഒന്ന് അതിക്രമമാണ്. ജനപ്പെരുപ്പമല്ല ഇതിനു കാരണം. അതോടൊപ്പം അപകട മരണവും ഏറി വരുന്നുണ്ട്. ദുരന്തങ്ങൾ, ദുർഘട സമയങ്ങൾ എന്നിവ അന്ത്യകാലത്തിൻെറ ലക്ഷണമാണ്. മരണം പാപത്തിൻെറ ഫലമാണ്. മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധം കുററമററതാക്കാൻ ശ്രമിച്ച ദൈവത്തിൻെറ സൻമനോഭാവം കാണാൻ ഭൂരിഭാഗം പേർക്കും കഴിയുന്നില്ല എന്നതാണ് പരമാർത്ഥം. മനുഷ്യരെ ആകർഷിക്കുകയും മോഹിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു അവർ അതിനു അധീനരായി തീരുന്നു. പിന്നീട് അവരെ നിയന്ത്രിക്കുന്നതു മറെറാരു ശക്തിയായി തീരുന്നു. നിയമലംഘനത്തിനു ആളുകളെ പ്രേരിപ്പിക്കുന്നതു ദുർമ്മോഹമോ, അതിമോഹമോ ആയിരിക്കും. അതു പിന്നീട് പലർക്കും ദുഃഖം ഉളവാക്കും. താല്ക്കാലിക നേട്ടം ലക്ഷ്യമാക്കി ചെയ്യുന്ന ഈ പ്രവൃത്തികൾ ആരെയും നന്നാക്കാറില്ല എന്ന സത്യം നാം മനസിലാക്കണം.

ഏതൊരു സമൂഹത്തെ നാം എടുത്താലും പുരാതന കാലം മുതൽ കണ്ടു വരുന്ന ജീവിത ശൈലി ഇതു തെളിയിക്കുന്നു. വിളവു തരുവാൻ പര്യാപ്തമായ ഭൂമിയിൽ കൃഷി ചെയ്യുന്ന മനുഷ്യൻ തൻെറ അദ്ധ്വാനത്തിൻെറ ഫ

ലത്തിനായി കാത്തിരിക്കുന്നുണ്ട്. ആ ഫലം അവന്റെ നിയന്ത്രണത്തിൽ പെടുന്ന കാര്യമല്ല. ധർമ്മത്തെ അധർമ്മമായി കാണുകയും അധർമ്മത്തെ ധർമ്മമായി കാണുകയും ചെയ്യുന്ന മനുഷ്യർ ദൈവത്തെ മറന്നാണ് പ്രവർത്തിക്കുന്നത്. അതിനാൽ അവരുടെ അനുഭവം വ്യത്യസ്തമായി തീരുന്നതിൽ അതിശയിക്കാനില്ല. ചില സമയത്തു ഒരേ വീട്ടിൽ തന്നെ ഒന്നിലധികം ആത്മഹത്യ തുടർച്ചയായി സംഭവിക്കുന്നുണ്ട്. ഒരു ഗ്രാമത്തിൽ തന്നെ ഒരേ ദുരന്തം ഒന്നിലധികം പ്രാവശ്യം നടന്നിട്ടുണ്ട്. ദുരന്ത മരണവും അതേപോലെ ഉണ്ടായിക്കൊണ്ടിരിക്കയാണ്. ട്രെയിനപകടം, റെയിനപകടം എന്നിവ കണക്കററ ജീവനെ ഇല്ലാതാക്കുന്നുണ്ട്. റോഡപകടം നിത്യ സംഭവമാണ്. ഇതിൽ എല്ലാ പ്രായക്കാരും എല്ലാ ജാതികളിൽ പെട്ടവരും, വിഭാഗങ്ങളിൽ പെട്ടവരും ഉണ്ട്. ഈ അവസരത്തിൽ ഇതു കാണുന്നവരും കേൾക്കുന്നവരും അറിയുന്നവരും തങ്ങളെ തന്നെ ഒന്നു പരിശോധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

പാപമാണ്, പാപത്തിൽ നിന്നു മാനസാന്തരപ്പെടാത്തതാണ് ഇതിനു കാരണം എന്നു പറയുമ്പോൾ, പിഞ്ചു കുഞ്ഞുങ്ങളും അതിൽ ഉൾപ്പെടുന്നുണ്ടല്ലൊ; അവർ ഒരു തെററും ചെയ്തിട്ടില്ലല്ലൊ എന്നു ആളുകൾ ചോദിക്കാറുണ്ട്. അതു ശരിയാണ്. പക്ഷെ ആ കുഞ്ഞുങ്ങളുടെ ആത്മാക്കൾക്കു മരണശേഷം ദോഷം സംഭവിക്കുകയില്ല. ചിലർ അംഗവൈകല്യത്തോടെ ജീവിക്കുന്നു; അതു മററുള്ളവർ കണ്ടു ദൈവത്തെ അറിഞ്ഞു ജീവിക്കേണ്ടതിനാണ് ദൈവം അവരെ ശേഷിപ്പിക്കുന്നത്. പക്ഷെ എന്തൊക്കെ സംഭവിച്ചാലും എത്ര പ്രാവശ്യം സംഭവിച്ചാലും ഒരു മാററവും വരുത്താൻ ആഗ്രഹിക്കാത്ത മനുഷ്യരെ നോക്കി ദൈവം ദുഃഖിക്കുകയാവും.

★

# ലജ്ജിക്കരുത്

J.C. ചേട്ടൻ

പല കാരണങ്ങൾകൊണ്ടു ആളുകൾ ലജ്ജിതരാകാറു ണ്ട്. ആദ്യത്തെ ലജ്ജ തന്നെ പാപം നിമിത്തം ഉണ്ടായതാ ണ്. ദൈവ നിയമത്തെ മാനിക്കാത്തവർ നാണിക്കുന്നു എ ന്നതു വാസ്തവമാണ്. പുതിയ നിയമ കാലയളവിൽ അ നേകർ സുവിശേഷത്തെ കുറിച്ചു ലജ്ജിച്ചിട്ടുണ്ട്. ദൈ വത്തിൽ വിശ്വസിച്ചു യേശുവിനെ അവർ പിൻപററുന്നു എന്നു മററുള്ളവർ അറിയാതിരിക്കണമെന്നു ആഗ്രഹിക്കു ന്നു. കർത്താവു തൻെറ രക്തം കൊടുത്തു സമ്പാദിച്ച ഏ ക സഭയായ കർത്താവിൻെറ സഭയിലാണ് അവർ എന്നു പ റയാൻ മടിക്കുന്നവർ ഉണ്ട്. സത്യത്തിനു വേണ്ടി നില കൊണ്ടു തെററുകളെ എടുത്തു പറയാൻ ധൈര്യമില്ലാത്തവ രാണവർ. സത്യത്തെ കുറിച്ച് അവർ എന്തിന് നാണിക്ക ണം എന്നതു വിചിത്രം തന്നെയാണ്.

എന്തുകൊണ്ടാണ് ആളുകൾ മൗനമായിരിക്കുന്നത് ? ലൗകിക സമൂഹത്തിലും മതപരമായ ആളുകൾക്കിടയിലും ഭൂരിഭാഗം പേരോടു ചേർന്നു പോകുവാൻ ഇഷ്ടപ്പെടുന്ന വരാണ് അവർ. സമൂഹത്തിൻെറ അംഗീകാരവും പ്രസാ ദ്ധിയും ആണ് അവർക്കു വേണ്ടതു. യഥാർത്ഥ ക്രി സ്ത്യാനികളായി തീരാത്ത ബന്ധുക്കൾ, വീട്ടുകാർ, സ് നേഹിതൻമാർ, അയൽക്കാർ എന്നിവരെ പിണക്കാതിരിക്കാ ൻ ഇങ്ങനെ ചെയ്യുന്നവർ ഉണ്ട്. ക്രിസ്തുവിനു വേണ്ടി സംസാരിച്ചാൽ മററുള്ളവർ എതിരാകും എന്നതാണ് അവ രുടെ ഭയം. അവർ ഇടുങ്ങിയ ചിന്താഗതിക്കാരായി പറയ പ്പെടാൻ ഇച്ഛിക്കുന്നില്ല. മാത്രമല്ല ന്യൂനപക്ഷത്തോടു ചേരുവാൻ അവർക്കു പ്രയാസം നേരിടുന്നു. മററുള്ള വരെ വേദനിപ്പിക്കരുതല്ലോ എന്നാണ് അവർ ചിന്തിക്കുന്ന ത്. എന്നാൽ ആദ്യ ക്രിസ്ത്യാനികൾ ഇവരുടെ മനോഭാ

ത്തിനെതിരായിരുന്നു. കർത്താവിനെ തള്ളി പറയുന്നതിനേക്കാൾ മരിക്കുന്നതാണ് അവർ തിരഞ്ഞെടുത്തത്. ''തിരുനാമത്തിനു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ടു ന്യായാധിപ സംഘത്തിൽ നിന്നു പുറപ്പെട്ടുപോയി (പ്രവൃത്തി 5:41).

സുവിശേഷത്തെ കുറിച്ച് എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും. അതു രക്ഷക്കായി ദൈവ ശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം പൊതുവായും വിശ്വാസത്തിനായും വെളിപ്പെടുന്നു; നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നു എഴുതിയിരിക്കുന്നുവല്ലോ (റോമർ 1:16_17). പഴയ നിയമത്തിൽ ദൈവത്തിന്റെ അരുളപ്പാട് എന്തായിരുന്നു എന്നു കാണുക. 'ഇതാ ഞാൻ സീയോനിൽ ഇടർച്ചക്കല്ലും തടങ്ങൽ പാറയും വെക്കുന്നു; അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോകയില്ല' (റോമർ 9:33). അവനിൽ വിശ്വസിക്കുന്ന ഒരുത്തനും ലജ്ജിച്ചു പോകയില്ല എന്നു തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു (റോമർ 10:11).

ക്രിസ്തുവിന്റെ സുവിശേഷം നിമിത്തം തടവിൽ ആക്കപ്പെട്ട പൌലൊസ് പറയുന്നതു: ''അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചു പോകാതെ പൂർണ്ണ ധൈര്യം പൂണ്ടു ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളു എന്നു പ്രതീക്ഷിക്കുകയും പ്രത്യാശിക്കയും ചെയ്യുന്നു (ഫിലിപ്പിയർ 1:20). അതുകൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവ ശക്തിക്കൊത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. അവൻ നമ്മെ രക്ഷിക്കയും വിശുദ്ധ വിളികൊണ്ടു വിളിക്കയും ചെയ്തതു നമ്മുടെ പ്ര

വൃത്തികൾ നിമിത്തമല്ല; സകല കാലത്തിനും മുമ്പേ ക്രിസ്തുയേശുവിൽ നമുക്കു നല്കിയിരിക്കുന്നതും ഇപ്പോൾ മരണം നീക്കുകയും സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടിരിക്കുന്നതുമായ തന്റെ സ്വന്ത നിർണ്ണയത്തിനും കൃപെക്കും ഒത്തവണ്ണമത്രേ. ആ സുവിശേഷത്തിനു ഞാൻ പ്രസംഗിയും അപ്പൊസ്തലനും ഉപദേഷ്ടാവും ആയി നിയമിക്കപ്പെട്ടിരിക്കുന്നു. അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു അറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു (2 തിമൊഥെയൊസ് 1:8-12).

സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക (2 തിമൊഥെയൊസ് 2:15). നാം കർത്താവിനെ കുറിച്ചും അവന്റെ വചനത്തെ കുറിച്ചും അവന്റെ സഭയെ കുറിച്ചും നാണിക്കാതെ അതിൽ അഭിമാനം കൊണ്ടാൽ ദൈവം നമ്മെ കുറിച്ചും ലജ്ജിക്കുകയില്ല. എബ്രായ ലേഖകൻ അതു നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (എബ്രായർ 2:10-12). പഴയ നിയമ കാലത്തെ വിശ്വാസ വീരന്മാർ ആരും തന്നെ അവരുടെ ദൈവത്തെ കുറിച്ചു ലജ്ജിച്ചിരുന്നില്ല. അതുകൊണ്ടു യഹോവ തന്നെ അവരുടെ ദൈവം എന്നു അവർ ഉറക്കെ പ്രഖ്യാപിച്ചിരുന്നു (എബ്രായർ 11:16).

ക്രിസ്തുവിൽ നിങ്ങൾക്കുള്ള നടപ്പിനെ ദുഷിക്കുന്നവർ നിങ്ങളെ പഴിച്ചു പറയുന്നതിൽ ലജ്ജിക്കേണ്ടതിനു നല്ല മനസാക്ഷിയുള്ളവരായിരിപ്പിൻ. നിങ്ങൾ കഷ്ടം സഹിക്കേണം എന്നു ദൈവഹിതമെങ്കിൽ തിന്മ ചെയ്തിട്ടില്ല, നന്മ ചെയ്തിട്ടു സഹിക്കുന്നതു ഏറ്റവും നന്നു.

ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേണ്ടതിനു നീതിമാനായി നീതി കെട്ടവർക്കു വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു. ജഡത്തിൽ മരണ ശിക്ഷ ഏല്ക്കയും ആത്മാവിൽ ജീവിക്കപ്പെടുകയും ചെയ്തു (1 പത്രൊസ് 3:16-18). നിങ്ങളിൽ ആരും കുലപാതകനോ, കള്ളനോ, ദുഷ്പ്രവർത്തിക്കാരനോ ആയിട്ടല്ല, കഷ്ടം സഹിക്കേണ്ടതു; പരകാര്യത്തിൽ ഇടപെടുന്നവനായിട്ടുമല്ല; ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടതു (1 പത്രൊസ് 4:15-16).

എന്നെ മനുഷ്യരുടെ മുൻപാകെ ഏററു പറയുന്ന ഏവനെയും ഞാൻ പിതാവിന്റെ മുൻപിൽ ഏററു പറയും. മനുഷ്യരുടെ മുൻപിൽ എന്നെ തള്ളി പറയുന്നവരെ ഞാൻ പിതാവിന്റെ മുൻപിൽ തള്ളി പറയും (മത്തായി 10:32-33). യേശുക്രിസ്തുവാണ് ഇതു പറഞ്ഞത്. അവൻ തുടർന്നു പറയുന്നതു: വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെ കുറിച്ചു മനുഷ്യ പുത്രനും തന്റെ പിതാവിന്റെ തേജസിൽ വിശുദ്ധ ദൂതരുമായി വരുമ്പോൾ നാണിക്കും (മർക്കൊസ് 8:38).

പ്രിയ സ്നേഹിതരേ, നിങ്ങൾ എവിടെ നില്ക്കുന്നു? നിങ്ങൾ അവനിൽ വിശ്വസിക്കുന്നുവോ ? (എബ്രായർ 11:6; യോഹന്നാൻ 14:1). നിങ്ങൾ ക്രിസ്തുവിന്റെ ഉപദേശ പ്രകാരം സ്നാനമേല്ക്കുമോ ? അതോ നിങ്ങൾ മനുഷ്യരുടെ ഉപദേശം സ്വീകരിക്കുമോ ? നിങ്ങൾ കർത്താവിന്റെ സഭയിൽ അംഗമായി തീർന്നിട്ടുണ്ടോ ? (മത്തായി 16:18; റോമർ 16:16). അതോ നിങ്ങൾ നാമധേയ വിഭാഗത്തിൽ അംഗമായിരിക്കുന്നുവോ ? നിങ്ങൾ ക്രിസ്തുവിന്റെ നാമം ധരിച്ചിട്ടുണ്ടോ ? (പ്രവൃത്തി 4:12).

★

# പൌലൊസിൻെറ സുവിശേഷ പ്രഖ്യാപനം

## ഫ്രെഡ് ഡില്ലൻ

സുവിശേഷത്തിൻെറ മാറെറാലി സദാ കേഠംപ്പിക്കുവാൻ ദൈവം ആജ്ഞാപിച്ചിട്ടുണ്ട്. നല്ല വിശേഷം കേഠംക്കുകയും അനുഭവിക്കയും ചെയ്യുവാൻ ആഗ്രഹിക്കാത്തവർ ആരും കാണുകയില്ലല്ലൊ. സുവിശേഷത്തിൻെറ നിർവ്വചനവും അതിൻെറ പ്രാധാന്യവും പ്രഖ്യാപിച്ച അപ്പൊസ്തലനിൽ നിന്നു തന്നെ അതു നമുക്ക് പഠിക്കാം. എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങഠംക്കു ലഭിച്ചതും നിങ്ങഠം നില്ക്കുന്നതും നിങ്ങഠം വിശ്വസിച്ചതും വൃഥാവല്ലെന്നു വരികിൽ നിങ്ങഠം രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങഠം പിടിച്ചുകൊണ്ടാൽ ഞാൻ ഇന്ന വിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങഠംക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാഠം ഉയിർത്തെഴുന്നേററു (1 കൊരിന്ത്യർ 15:1-4). ദൈവത്തിൽ നിന്നു തൻെറ ആത്മാവിനാൽ അപ്പൊസ്തലനെ ഗ്രഹിപ്പിച്ചതാണ് ഈ സന്ദേശം.

പൌലൊസ് പ്രസംഗിച്ച സുവിശേഷം കൊരിന്ത്യ പട്ടണത്തിലുള്ളവർ കൈക്കൊണ്ടു. സാക്ഷാൽ ദൈവ വചനമായിട്ടത്രെ അവർ അതിനെ സ്വീകരിച്ചതു. ആ സുവിശേഷത്തിലാണ് അവർ നില്ക്കുന്നത്. ആ സുവിശേഷമാണ് അവരുടെ വിശ്വാസത്തിൻെറ അടിസ്ഥാനം. യേശുവിൻെറ മരണം, അടക്കം, ഉയിർപ്പ് എന്നിവ ഇല്ലെങ്കിൽ നല്ല വിശേഷമില്ല. ഒരു വ്യക്തിയുടെ ആത്മിയ ജീവിതം ദൈവ സന്നിധിയിൽ സ്വീകാര്യമായി തീരുവാൻ ഈ സുവിശേഷം അനിവാര്യമായി തീർന്നു. മനുഷ്യരുടെ ആത്

മ രക്ഷക്കു വേണ്ടിയുള്ളതാണ് ഇത്. ഇതിലാണ് ദൈവ ശക്തിയുള്ളത്. രക്ഷിക്കപ്പെടുവാൻ ഇന്നും സുവിശേഷ മാണ് ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. കൊരിന്ത്യ യിലുള്ളവർ പിടിച്ചതു രക്ഷിക്കുന്ന സുവിശേഷമത്രെ (1 കൊരിന്ത്യർ 2:10).

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട അപ്പൊസ്തലൻ കൃത്യതയും തികവുമുള്ള സുവിശേഷത്തിന്റെ കാഴ്ച്ചയാണ് നല്കുന്നത്. തിരുവെഴുത്തിൻ പ്രകാരമാണ് യേശു മരിച്ചത്. പൌലൊസ് തന്നെ ക്രിസ്തുവിനെ സാക്ഷീകരിച്ചതാണ്. എങ്കിലും വചനത്തെ അവൻ ആശ്രയിക്കയാണ് ചെയ്തത്. 'അവൻ അടക്കപ്പെട്ടു'. തിരുവെഴുത്തുകളിൻ പ്രകാരം അവൻ മൂന്നാം നാൾ ഉയിർക്കപ്പെട്ടു. സുവിശേഷം എന്താണെന്നു പറഞ്ഞു അവിടെ അവൻ നിർത്തുന്നില്ല. വീണ്ടും അനേകം ദൃക്സാക്ഷികളെ നിരത്തുകയും അവൻ അവസാനം അകാല പ്രജയായി വന്നവനാണെന്നും പറയുന്നു.

പന്തിരുവരിൽ ഒരാളായ കേഫാവ് എന്ന പത്രൊസ് ഉയിർത്തെഴുന്നേററ ക്രിസ്തുവിനെ കണ്ടിരുന്നു (1 കൊരിന്ത്യർ 15:5). പിന്നീടാണ് പന്ത്രണ്ടുപേർ കാണുന്നത്. ഇതിനിടക്കു യൂദാ മരിച്ചു കഴിഞ്ഞിരുന്നു. അതിനുശേഷം അഞ്ഞൂറിലധികം പേർക്കു അവൻ പ്രത്യക്ഷനായി. അവരിൽ മിക്കപേരും ആ ലേഖനം എഴുതുമ്പോൾ ജീവനോടെയിരിക്കുന്നു. കൂടാതെ മഗ്ദലന മറിയയും മറേറ മറിയയും അവനെ കണ്ടിരുന്നു (മത്തായി 28:1-11). ഈ സുവിശേഷം സർവ്വലോകത്തിലും പോയി പ്രസംഗിക്കേണം എന്നു കർത്താവു കല്പിച്ചിരിക്കുന്നു (മർക്കൊസ് 16:15-16).

(ശേഷം അടുത്ത ലക്കത്തിൽ)

★

സ്ത്രീകൾക്കു വേണ്ടി

# ആയിരമാണ്ടു വാഴ്ച്ചയും ക്രിസ്തുവിൻെറ വരവും

## ബെററി ബർട്ടൻ ചോട്ട്

സത്യത്തിനു വേണ്ടി ദാഹിച്ചുകൊണ്ടിരിക്കുന്നവർ ധാരാളമുണ്ട്. തെററിദ്ധാരണകൾ മൂലം പലതും ആളുകളെ തെററു പഠിപ്പിച്ചു വച്ചിട്ടുണ്ട് എന്നതു പരമാർത്ഥമാണ്. സുഡോത്ത് എന്ന സ്ഥലത്തു മത്ത്യൂസിൻെറ വീട്ടിൽ ആരാധനക്കായി കൂടി വന്നിരുന്നപ്പോൾ ആൻഡ്രു വീടുകൾ സന്ദർശിക്കുക പതിവായിരുന്നു. അങ്ങനെ മിര്യാമിനേയും അവളുടെ ഭർത്താവ് ജേക്കബ്ബിനേയും സന്ദർശിക്കയുണ്ടായി. അവരും ആരാധനക്കു വന്നുകൊണ്ടിരുന്നു. എന്നാൽ അവർക്കുള്ളിൽ ധാരാളം സംശയങ്ങൾ ഉണ്ടായിരുന്നു. അതിനു ഉത്തരങ്ങൾ പ്രതീക്ഷിച്ച് കഴിയുകയായിരുന്നു അവർ. പുതിയതായി വരുന്നവരുടെ പ്രയോജനത്തിനും പൊതുവിൽ എല്ലാവരുടേയും ഉള്ളിൽ മഥിച്ചുകൊണ്ടിരുന്ന ഇത്തരം സംശയങ്ങളെ ദൂരീകരിക്കുവാൻ ചൊവ്വാഴ്ച്ച വൈകുന്നേരം ഒരു തുറന്ന ബൈബിൾ പഠനം നടത്തുവാൻ അവർ എല്ലാവരും കൂടെ തീരുമാനിച്ചു.

''സഹസ്രാബ്ദത്തെ കുറിച്ച് കേട്ടപ്പോൾ എനിക്ക് ഒരു ആശയക്കുഴപ്പം ഉണ്ടായി. കാരണം യേശുക്രിസ്തു യെരുശലേമിൽ വന്നു ഒരു രാജ്യം സ്ഥാപിച്ച് ആയിരം ആണ്ട് വാഴും എന്നു പറയുന്നതു കേട്ടു'' ജേക്കബ്ബ് തൻെറ മനസു തുറന്നു. വാക്യം ഉദ്ധരിച്ചുകൊണ്ടു അവർ പറയുന്നു. അന്നു സിംഹവും കുഞ്ഞാടും ഒരുമിച്ച് മേയും. അർമ്മഗദോൻ യുദ്ധത്തിനുശേഷം ക്രിസ്ത്യാനികൾ അവനോടുകൂടെ ഈ ഭൂമിയിൽ വാഴും എന്നൊക്കെ. എന്താ

ണ് ഇതെല്ലാം ? വാസ്തവത്തിൽ യേശു യെരുശലേമിൽ ഭൗതികമായി വാഴുമോ ?

ഇതു വളരെ രസാവഹമായ ഒന്നാണെന്ന്. ആൻഡ്രൂ പ്രതിവചിച്ചു. ഇസ്രായേൽ ജനം ഒരു ഭൗമിക രാജാവിനായി കാത്തിരിക്കയായിരുന്നു. പ്രവചന പ്രകാരം വന്ന മശിഹയെ അവർക്കു യേശുവിൽ കാണാൻ കഴിയാതിരുന്നതിന്റെ ഒരു കാരണം ഇതായിരുന്നു. യെഹൂദന്മാരുടെ രാജാവായിട്ടു തന്നെയാണ് യേശു വന്നതു. ആത്മീയ രാജാവാണെന്നു മാത്രം. അതു അന്നത്തെ യെഹൂദന്മാർക്കു മനസിലാകാതിരുന്നതുപോലെ ഇന്നത്തെ ആളുകൾക്കും അധികം പേർക്കും അവന്റെ രാജ്യം എന്താണെന്നു വ്യക്തമായിട്ടില്ല. അതുകൊണ്ടാണ് യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന അനേകർ അവന്റെ വരവിനും ആയിരമാണ്ടു വാഴ്ച്ചക്കുമായി കാത്തിരിക്കുന്നത്. എന്നാൽ എന്റെ രാജ്യം ഐഹികമല്ല എന്നു യേശു അർത്ഥശങ്കക്കിടയില്ലാതെ പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 18:36). ആളുകൾക്കു അതു വിശ്വസിക്കാൻ പ്രയാസമാണ്.

യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവും ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 3:2;4:17). ക്രിസ്തുവിനെ അപ്പൊസ്തലന്മാർക്കു മനസിലായപ്പോൾ അവൻ അവരോടു ''ഞാൻ എന്റെ സഭയെ പണിയും'' എന്നു പറഞ്ഞു. അതിനുശേഷം ദൈവ രാജ്യത്തിന്റെ താക്കോൽ അവർക്കു കൊടുത്തു (മത്തായി 16: 18-19). ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ നിങ്ങളിൽ ചിലർ ഉണ്ടാകും എന്നു തെളിവായി അന്നത്തെ ജനത്തോട് പറഞ്ഞു (മർക്കൊസ് 9:1). യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപ് അവൻ ശിഷ്യന്മാർക്കു കൊടുത്ത ഉറപ്പ് ശ്രദ്ധിക്കുക (പ്രവൃത്തി 1:3). എന്നിട്ടും അപ്പൊസ്തലന്മാർ ആ രാജ്യം എപ്പോഴായിരിക്കും വരിക എന്നു ചോദിക്കുന്നുണ്ട്.

ആ രാജ്യം പ്രവൃത്തി രണ്ടാം അദ്ധ്യായം വായിച്ചാൽ വന്നതായി നമുക്കു ഗ്രഹിക്കാം (കൊലൊസ്യർ 1:13). നമ്മെ ആ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു എന്നു കൊലൊസ്യർക്കു ലേഖനമെഴുതുമ്പോൾ ഓർപ്പിക്കുന്നു. ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു രാജാധിരാജാവായി കർത്തൃത്വം നടത്തുന്ന കർത്താവ് ആത്മീയ രാജാവാണെന്ന സത്യം പത്രൊസിനു മനസിലായി (പ്രവൃത്തി2:36). ക്രിസ്തുവിനെ ക്രൂശിക്കുന്ന സമയത്തുണ്ടായിരുന്ന ആളുകൾ പത്രൊസിന്റെ പ്രസംഗം കേട്ടു ഹൃദയത്തിൽ കുത്തുകൊണ്ടു. പത്രൊസിനോടും ശേഷം അപ്പൊസ്തലൻമാരോടും ഞങ്ങൾ ഇനി എന്തു ചെയ്യേണം എന്നു ചോദിച്ചു. പത്രൊസ് അവരോടു, മാനസാന്തർപ്പെട്ടു നിങ്ങൾ ഓരോരുത്തരും പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്പിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു. അന്നു മൂവായിരം പേർ സ്നാനം ഏററു രക്ഷിക്കപ്പെട്ടു. അവർ കർത്താവിനാൽ സഭയോടു ചേർക്കപ്പെട്ടു.

സഭ എന്ന വാക്കിന്റെ അർത്ഥം വിളിക്കപ്പെട്ടവർ എന്നാണ്. ലോകത്തിൽ നിന്നു സുവിശേഷത്താൽ വിളിച്ചു ദൈവ ഭവനത്തിലേക്കു ചേർക്കപ്പെടുന്നു എന്നർത്ഥം. ആത്മീയ ശരീരം, ആത്മീയ രാജ്യം, കർത്താവിന്റെ ഭവനം, ദൈവരാജ്യം എന്നീ പദങ്ങൾ എല്ലാം കർത്താവിന്റെ ജനത്തെ മാറി മാറി വിളിച്ചിരിക്കുന്ന പേരുകളാണ്. കർത്താവിന്റെ രക്തത്താൽ കഴുകപ്പെട്ട വിശുദ്ധന്മാരാണവർ. വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യ ജാതനും ഭൂരാജാക്കന്മാർക്കു അധിപതിയും ആയ യേശുക്രിസ്തുവിങ്കൽ നിന്നു നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കി തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും; ആമേൻ (വെളിപ്പാട് 1:5).

പെന്തെക്കൊസ്തു നാളിനു മുൻപ് സഭയെ കുറിച്ച് പറഞ്ഞപ്പോഴും ദൈവ രാജ്യത്തെ കുറിച്ച് പറഞ്ഞപ്പോഴും ഭാവികാലമാണ് ഉപയോഗിച്ചത്. എന്നാൽ പെന്തെകൊസ്തു നാളിനുശേഷം നിലനില്ക്കുന്ന ഒന്നായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ആ ദിവസം മുതൽ ദൈവരാജ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. കാരണം അപ്പൊസ്തലന്മാർക്കു അതിന്റെ താക്കോൽ ലഭിച്ചിരുന്നു. പത്രൊസിനു കൊടുത്ത താക്കോൽ അക്ഷരികമെന്ന ധാരണയാൽ ഭൗതികമായ താക്കോൽ കൈമാറി കിട്ടി എന്നു പറഞ്ഞു അവരുടെ പള്ളിയിൽ തൂക്കിയിട്ടുണ്ട്.

ചിലർ വെളിപ്പാട് 20-ാം അദ്ധ്യായം എടുത്തുകൊണ്ടു ആയിരം ആണ്ടു വാഴ്ച്ചയെ എടുത്തു കാണിക്കാറുണ്ട് എന്നാൽ അവിടെ യോഹന്നാൻ കാണുന്ന ദർശനം സ്വർഗ്ഗീയമാണ്. ക്രിസ്തു നിമിത്തം രക്തസാക്ഷികളായി തീർന്നവരുടെ ആത്മാക്കളെ കുറിച്ചാണ് അവിടെ പ്രതിപാദിച്ചിരിക്കുന്നത്. കൊരിന്ത്യർക്കു എഴുതുമ്പോൾ ക്രിസ്തു വരുമ്പോൾ അവസാനമാണെന്നും രാജ്യം തൻ പിതാവിനു ഏല്പിച്ചു കൊടുക്കുമെന്നും പറയുന്നുണ്ട് (1കൊരിന്ത്യർ 15:23-28). സകലതും പിന്നെ പിതാവിനു കീഴ്പ്പെട്ടിരിക്കും എന്നു പറയുമ്പോൾ പിന്നെ ക്രിസ്തു വാഴുന്നതെങ്ങനെ ?

യേശുക്രിസ്തു ഇപ്പോൾ തന്റെ രാജ്യം വാണുകൊണ്ടിരിക്കയാണ്. ക്രിസ്തു വീണ്ടും വരുമ്പോൾ ക്രിസ്തുവിൽ മരിച്ചവർ മുൻപെ ഉയിർക്കയും ജീവനോടെ ശേഷിക്കുന്നവർ രൂപാന്തരപ്പെടുകയും ചെയ്യും. ക്രിസ്തുവിന്റെ കല്പനകൾ വിശ്വസിച്ച് അനുസരിച്ച് ജീവിച്ചവർ ന്യായവിധി അതിജീവിച്ച് എന്നേക്കും കർത്താവിനോടുകൂടെ ആയിരിക്കും. അന്നു ഈ ഭൂമിക്കും ആകാശത്തിനും എന്തു സംഭവിക്കുമെന്നു പത്രൊസ് വിവരിക്കുന്നു.

★

# വാർത്തകൾ

## വികസന പദ്ധതികൾ പിന്നോട്ടടിക്കും:

ജനകീയാസൂത്രണത്തെയും അധികാര വികേന്ദ്രീകരണത്തെയും സർക്കാർ അട്ടിമറിക്കാൻ തീരുമാനിച്ചിരിക്കുന്നു. എന്നാണു ബജററ് നൽകുന്ന സൂചനയെന്ന് എൻ. ജി. ഒ. യൂണിയൻ ആരോപിച്ചു. കേരളത്തിൻെറ വികസന, ക്ഷേമ പദ്ധതികളെ പിറകോട്ടടിക്കുന്നതാണു ബജററെന്നു സംസ്ഥാന ജനറൽ സെക്രട്ടറി സി. എച്ച്. അശോകൻ പറഞ്ഞു.

ബജററ് സംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങൾ തകർക്കുന്നതും, ജനങ്ങളുടെയും ജീവനക്കാരുടെയും താൽപര്യങ്ങൾക്ക് എതിരുമാണെന്നു കെ. ജി. ഒ. എ. ജനറൽ സെക്രട്ടറി ആർ. വിജയൻ പ്രസ്താവിച്ചു. ജീവനക്കാർക്കു കുടിശികയായ നാലു ഗഡു ക്ഷാമബത്ത സംബന്ധിച്ചു ബജററിൽ പരാമർശമില്ല. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നതു സംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങൾ തകർക്കുന്നതിന് ഇടയാക്കുകയും ചെയ്യും.

സാധാരണക്കാരൻെറ ജീവിതം നരകതുല്യമാക്കാൻ കച്ചകെട്ടിയിറങ്ങിയവരാണെന്ന് കന്നിബജററ് അവതരണത്തിലൂടെ യു.ഡി.എഫ്. സർക്കാർ തെളിയിച്ചിരിക്കുകയാണെന്നു ഡി. വൈ. എഫ്. ഐ. സംസ്ഥാന എക്സിക്യൂട്ടീവ് പ്രസ്താവിച്ചു.

പതിനഞ്ചു ലക്ഷം പേർക്കു തൊഴിൽ നൽകും എന്ന വാഗ്ദാനവുമായി അധികാരത്തിൽ വന്നിട്ടു തൊഴിലില്ലായ്മ പരിഹരിക്കാനുള്ള വ്യക്തമായ നിർദേശങ്ങളൊന്നും ബജററിൽ ഉൾക്കൊള്ളിക്കാതെ കേരളത്തിലെ യുവത്വത്തി

നെ പരിഹസിക്കുകയാണ് ഐക്യമുന്നണി സർക്കാർ ചെയ്യുന്നതെന്നു സംസ്ഥാന സെക്രട്ടറി ടി. ശശിധരൻ ആരോപിച്ചു. സംസ്ഥാന ജീവനക്കാർക്കു കുടിശികയായ നാലുഗഡു ക്ഷാമബത്ത അനുവദിക്കുന്നതിനെക്കുറിച്ചും പെൻഷൻ പ്രായവർദ്ധനയെക്കുറിച്ചും മൗനം പാലിക്കുന്ന ബജററ് നിരാശാജനകമാണെന്ന് ജോയിൻറ് കൗൺസിൽ സംസ്ഥാന ജനറൽ സെക്രട്ടറി കെ. എൻ. നമ്പൂതിരി പ്രസ്താവിച്ചു.

സർക്കാർ ജീവനക്കാരുടെ കുടിശിക ക്ഷാമബത്ത എപ്പോഠം ലഭിക്കുമെന്നോ, പെൻഷൻ പ്രായം വർധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോയെന്നോ ബജററിൽ വ്യക്തമാക്കാത്തതിൽ പ്രതിഷേധിച്ച് 16-നു സംസ്ഥാനത്തുടനീളം സംസ്ഥാന ജീവനക്കാരും അധ്യാപകരും പ്രതിഷേധ പ്രകടനം നടത്തുമെന്ന് അധ്യാപക-സർവീസ് സംഘടനാ സമരസമിതി ജനറൽ കൺവീനർ എം. എൻ. വി. ജി. അടിയോടി അറിയിച്ചു.

തൊഴിൽ നൽകാൻ പദ്ധതികളൊന്നും ഇല്ലാത്ത ബജററ് പ്രാദേശിക തൊഴിൽ അവസരങ്ങളും നിഷേധിക്കുന്നുവെന്ന് എ. ഐ. വൈ. എഫ്. സംസ്ഥാന പ്രസിഡൻറ് എൻ. വേലപ്പനും സെക്രട്ടറി കെ. ജി. ശിവാനന്ദനും പറഞ്ഞു. ബജററ് വ്യാപാര വ്യവസായ മേഖലയ്ക്കു കനത്ത ബുദ്ധിമുട്ടു സൃഷ്ടിക്കുന്നതാണെന്നു വ്യാപാരി വ്യവസായി ഏകോപനസമിതി സംസ്ഥാന പ്രസിഡൻറ് ടി. നസിറുദീനും, സംസ്ഥാന ജനറൽ സെക്രട്ടറി അലക്സ് എം. ചാക്കോയും, വൈസ് പ്രസിഡൻറ് ഹസൻകോയയും അഭിപ്രായപ്പെട്ടു. ഒററയടിക്കു വ്യാപാരികഠംക്കു മാത്രം കനത്ത നികുതി ഭാരങ്ങളും ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്ന ബജററ് പ്രതിഷേധാർഹവും നിരാശാജനകവുമാണ്.

# ജനങ്ങളുടെ മേൽ ദുർവഹമായ ഭാരം

ബജററ് സർക്കാരിന്റെ കേവലം വാർഷിക വരവുചെലവു കണക്കല്ല. വരുമാനം എങ്ങനെയുണ്ടാകുന്നു, ചെലവുകളെങ്ങനെ നടത്തുന്നു എന്നതു സാമ്പത്തിക വളർച്ചയെയും ക്ഷേമത്തെയും ഗണ്യമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അതുകൊണ്ടു ധനമന്ത്രി ബജററിനു തന്റെ പ്രസംഗത്തിൽ നൽകിയിട്ടുള്ള നിർവചനം അർത്ഥവത്താണ് ബജററ് സർക്കാർനയങ്ങളുടെ ചുരുക്കെഴുത്താണ്.

പക്ഷേ, ചുരുക്കെഴുത്തിന് ഒരു കുഴപ്പമുണ്ട്. എല്ലാവർക്കും മനസ്സിലാവില്ല. അതുകൊണ്ട് ഏതൊരു ബജററിനും ഒട്ടേറെ വ്യാഖ്യാനങ്ങാം ഉണ്ടാവും. ധനമന്ത്രി ശങ്കരനാരായണന്റെ പ്രഥമ ബജററിന്റെ നിലയും വ്യത്യസ്തമല്ല. പക്ഷേ, ഒന്നു പറയാതെ തരമില്ല: ധവളപത്ര കോലാഹലത്തിനുശേഷം പുതുക്കിയ ബജററ് നനഞ്ഞ ഏറുപടക്കം പോലെ മാധ്യമങ്ങളെപ്പോലും നിരാശപ്പെടുത്തി.

ആദ്യം നമുക്കു സർക്കാർ ചെലവുകാം പരിശോധിക്കാം. സർക്കാർ ചെലവുകളെ മൂന്നു രീതിയിൽ തരംതിരിക്കാറുണ്ട്.

ഒന്ന് : റവന്യൂച്ചെലവും മൂലധനച്ചെലവും ശമ്പളം പോലുള്ള ആവർത്തനച്ചെലവുകാംക്കാണ് റവന്യൂച്ചെലവുകാം എന്നു പറയുന്നത്. സ്ഥായിയായ ആസ്തികളും മററും സൃഷ്ടിക്കുന്നതിനുള്ള ചെലവുകാംക്കു മൂലധനച്ചെലവുകളെന്നും പറയുന്നു.

രണ്ട് : പദ്ധതിച്ചെലവും പദ്ധതിയിതരച്ചെലവും പദ്ധതിയിൽ ഉാംപ്പെടുത്തിയിട്ടുള്ള പുതിയ വികസന പ്രവർത്തനങ്ങാംക്കായുള്ള ചെലവുകളെയാണു പദ്ധതിച്ചെലവുകളെന്നു പറയുന്നത്. പൂർത്തീകരിച്ച പഴയ വി

കസന സ്കീമുകൾക്കും ഭരണച്ചെലവിനും മററുമായുള്ള ചെലവുകളാണു പദ്ധതിയിതരച്ചെലവ്.

മൂന്ന് : വികസനച്ചെലവും വികസനേതരച്ചെലവും.- പദ്ധതിയിലും പദ്ധതിക്കുപുറത്തുമുള്ള വികസനച്ചെലവുകളാണ് ഒന്നാമത്തേത്. വികസനേതരച്ചെലവുകളാവട്ടെ, ശുദ്ധഭരണച്ചെലവുകൾ മാത്രമാണ്.

റവന്യൂച്ചെലവ്, പദ്ധതിയിതരച്ചെലവ്, വികസനേതരച്ചെലവ് എന്നിവ അടിക്കടി ഉയർന്നുവരുന്ന പ്രവണതയാണ് ഇന്ത്യയിൽ മൊത്തത്തിലും കേരളത്തിലും രണ്ടു ദശാബ്ദമായി പ്രകടമാകുന്നത്. ഇന്ത്യയിലെ വികസന പ്രതിസന്ധിയെ വിശദീകരിക്കുന്നതിന് ഈ പ്രവണതകളെയാണ് എടുത്തുകാട്ടാറുള്ളത്. സർക്കാർ ചെലവുകൾക്കു ദിശമാററം ആവശ്യമാണ്. ഇവ മൂന്നും കുറച്ച് മൂലധനച്ചെലവ്, പദ്ധതിച്ചെലവ്, വികസനച്ചെലവ് എന്നിവ ഉയർത്തുകയാണ് ത്വരിതഗതിയിലുള്ള വികസനത്തിന് അഭികാമ്യം എന്ന തത്വം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇതിൽ പദ്ധതി-പദ്ധതിയിതര വിഭജനത്തെക്കുറിച്ചു ചില തർക്കങ്ങൾ തുടരാമല്ലോ. അനിവാര്യമായ പദ്ധതിയിതര വികസനപ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പുവരുത്തിക്കൊണ്ടു പദ്ധതിയടങ്കൽ വർധിപ്പിക്കുന്നതു വികസനത്തെ ത്വരിതഗതിയിലാക്കുമെന്നതിനു സംശയം വേണ്ട. ഭരണച്ചെലവുകൾ കുറച്ചു വേണം പദ്ധതിയടങ്കൽ വർധിപ്പിക്കാൻ.

കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണകാലത്തു റവന്യൂച്ചെലവുകളും പദ്ധതിച്ചെലവുകളുമാണു കൂടുതൽ വേഗം ഉയർന്നത് എന്നതാണു ധവളപത്രത്തിൻെറ മുഖ്യ ആക്ഷേപം. ഇതു തെളിയിക്കുന്നതിനാണ് ഒട്ടനവധി പേജുകൾ നീക്കിവച്ചത്.

★

# രക്ഷ ദൈവത്തിൻെറ ദാനവും മനുഷ്യൻെറ ഉത്തരവാദിത്വവും

തോമസ്. F .

രക്ഷ എന്ന വിഷയം ദൈവഹിതമാണ്. അതിനെ നാലു വിധത്തിൽ കാണുകയാണ് ഈ ലേഖകൻ. രക്ഷ എന്ന വാക്ക് ഉച്ചരിക്കാത്തവർ കാണുകയില്ല. മനുഷ്യർ ദൈവത്തിൻെറ സൃഷ്ടികളാണ്. അപായത്തിനിരയായവർക്ക്, ആപത്തിൽ പെട്ടവർക്ക് അതിൽ നിന്നു രക്ഷ നേടേണ്ടതു അത്യാവശ്യമാണ്. ബൈബിൾ ആരംഭം മുതൽ ഈ രക്ഷയെ എടുത്തു കാണിച്ചിരിക്കയാണ്. മനുഷ്യരോടുള്ള ദൈവത്തിൻെറ സ്നേഹവും മനസലിവും ഇതു ദൃശ്യമാക്കുന്നു. അതിൻെറ വിശദാംശങ്ങളിലേക്കു നമുക്കു കടക്കാം.

## 1 രക്ഷ പ്രവചനത്തിൽ

ദൈവം പണ്ടു തൻെറ ജനത്തോടു അരുളിച്ചെയ്തതു പ്രവാചകന്മാരിൽ കൂടെയായിരുന്നു. ഭാവിയിൽ ദൈവം അവരോടു എങ്ങനെ പെരുമാറും, എന്താണ് ചെയ്യുവാനിരിക്കുന്നതു എന്നൊക്കെ ഇവരാണ് ജനത്തോട് അറിയിച്ചിരിക്കുന്നത്. യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെ ഉല്പത്തി മൂന്നാം അദ്ധ്യായം പതിനഞ്ചാം വാക്യത്തിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് അബ്രഹാമിനും ചെയ്തിട്ടുണ്ട്. ''നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും''. പ്രവചനത്തിൽ അടങ്ങിയിട്ടുള്ള രക്ഷയെ യെശയ്യാവിൻെറ പുസ്തകത്തിലും കാണുന്നുണ്ട്. 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും; അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിക്കും. എന്നതു മത്തായിയുടെ സുവിശേഷം വായിച്ചാൽ നിറവേറുന്നതായി മനസിലാ

കും (യെശയ്യാവ് 7:14; മത്തായി 1:21-23). യേശുക്രിസ്തു മൂലമുള്ള രക്ഷയുടെ വളരെ വിശദീകരണ വിവരങ്ങാം യെശയ്യാവ് അമ്പത്തിമൂന്നിൽ നമുക്കു വായിക്കാൻ കഴിയും.

പ്രവചനത്തിൽ മുൻകൂട്ടി അറിയിച്ച രക്ഷയുടെ നിവർത്തീകരണം ദൈവം തന്റെ പുത്രനെ അയച്ചപ്പോാം പൂർത്തിയായി. മനുഷ്യരുടെ പാപങ്ങളുടെ മറുവിലയായി യേശുക്രിസ്തു മാത്രമാണ് വില കൊടുത്തത്. തന്റെ സ്വന്ത ശരീരം, രക്തം, ജീവൻ എന്നിവ പാപികളായ മനുഷ്യർക്കു വേണ്ടിയാണ് കൊടുത്തത്. മനുഷ്യരെ അതിക്രമങ്ങളിൽ നിന്നു വീണ്ടെടുക്കുക എന്നതു എളുപ്പമായിരുന്നില്ല (യോഹന്നാൻ 3:16). കാൽവറി ക്രൂശിലെ താൻ ചിന്തിയ രക്തവുമായിട്ടാണ് യേശു ദൈവ സന്നിധിയിൽ പ്രവേശിച്ചത്. ദൈവം അതിൽ സംപ്രീതനായി. അങ്ങനെ അവൻ ഒരിക്കലായി അർപ്പിച്ച യാഗത്താൽ മനുഷ്യർക്കു നിത്യമായ വീണ്ടെടുപ്പു സാദ്ധ്യമാക്കി തീർത്തു. തൻമൂലം മനുഷ്യർക്കു ഏവർക്കും ദൈവത്തോടു അടുക്കുവാൻ സന്ദർഭം ഒരുക്കി (എബ്രായർ 9:11-12; 10:12). ദൈവം തന്റെ ഭാഗം പ്രവർത്തിച്ചു കഴിഞ്ഞു. പ്രതികരണം മനുഷ്യരിൽ നിന്നുണ്ടാകണം.

## 2 മനുഷ്യന്റെ ഉത്തരവാദിത്വം

ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുക എന്നതു എല്ലാ മനുഷ്യരുടേയും ഉത്തരവാദിത്വമാണ്. ദൈവം ഉണ്ടെന്നും ദൈവത്തിന്റെ പ്രവർത്തികാം മനുഷ്യർ അറിയണമെന്നും അങ്ങനെ വിശ്വസിക്കണമെന്നുമാണ് ദൈവം ആഗ്രഹിക്കുന്നത്. അതിന്റെ എല്ലാ തെളിവുകളും അവൻ വ്യക്തമാക്കിയിട്ടുണ്ട് (സങ്കീർത്തനം 19:1; റോമർ 1:18-23). പ്രകൃതിയിൽ നോക്കിയാൽ ദൈവത്തിന്റെ അദൃശ്യമായ സാന്നിദ്ധ്യത്തെ അറിയാം. ലോക സൃഷ്ടിയുടെ ആരംഭം മുതൽ ദൈവം തന്റെ പ്രവർത്തികളാൽ ഇതു വെളിപ്പെടു

ത്തി. പക്ഷെ ദൈവത്തെ ദൈവമെന്നു അറിഞ്ഞിട്ടും അവനെ ദൈവം എന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെയാണ് ജീവിക്കുന്നത്. അതിൽ ദൈവത്തിനു കുണ്ഠിതമുണ്ട്. മനുഷ്യർ ജീവനോടെ ഇരിക്കുമ്പോൾ ജാഗ്രതയോടെ ദൈവത്തെ അന്വേഷിക്കണമെന്നു ദൈവ വചനം നിർദ്ദേശിക്കുന്നു. ദൈവം അദൃശ്യനാണെങ്കിലും അവൻ നമ്മിൽ നിന്നു വിദൂരെയല്ല. ദൈവത്തെ കണ്ടെത്താൻ നാം ദൈവത്തെ തന്നെയാണ് ആശ്രയിക്കേണ്ടത്.

മനുഷ്യർ തങ്ങളുടെ അജ്ഞത നിമിത്തം ദൈവത്തെ രൂപപ്പെടുത്തിയെടുക്കുന്നു. തങ്ങളുടെ സങ്കല്പങ്ങൾക്കനുസരിച്ച് ദൈവത്തിനു ആകൃതിയും പ്രകൃതിയും കൊടുക്കുന്നു. എന്നിട്ടു ദൈവത്തെ തപ്പി നോക്കുന്നു. അതിനെ കുമ്പിട്ടു വണങ്ങുന്നു. ദൈവം ആത്മാവാകുന്നു. അവനെ കാണുവാൻ നാം ആത്മീയ കാഴ്ച്ചപ്പാടുള്ളവർ ആകണം. അതു തിരുവെഴുത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. നാം അതു വായിച്ച് ഗ്രഹിക്കണം. പിശാച് മനുഷ്യരുടെ കണ്ണു കുരുടാക്കി വെച്ചിരിക്കയാണ്. തന്മൂലം ആളുകൾ അന്ധതയിലാണ്. ഹൃദയ ശുദ്ധീകരണമാണ് ദൈവത്തെ കാണുവാൻ അത്യാവശ്യമായി വേണ്ടത്. ലൗകികമായ ഉത്തരവാദിത്വം ആളുകളെ ദൈവിക ഉത്തരവാദിത്വത്തിൽ നിന്നു അകററി നിർത്തുന്നു. ശരിയായ ദിശയിലേക്കു തിരിഞ്ഞു സഞ്ചരിച്ച് ആദ്യം ദൈവത്തെയും അവൻെറ നീതിയേയും അന്വേഷിക്കുന്നവർക്കു അവനെ കണ്ടെത്താൻ കഴിയും. സകല നന്മകളും അവർക്ക് അവൻ നല്കുകയും ചെയ്യും.

## 3 സുവിശേഷീകരണത്തിൽ സഭയുടെ ഉത്തരവാദിത്വം

ദൈവത്തിൻെറ സകല പരിജ്ഞാനവും മർമ്മവും സഭയിലാണ് ദൈവം വച്ചിരിക്കുന്നത്. അതുകൊണ്ട് ഈ

കാര്യത്തിൽ സഭയുടെ ചുമതല വർദ്ധിച്ചതാണ്. ദൈവിക സത്യം ലോകത്തിലുള്ള ആളുകളിലേക്കു എത്തിക്കുവാൻ ദൈവം സഭയെ ഏർപ്പെടുത്തിയിരിക്കയാണ് (എഫെസ്യർ 3:10-11). സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കേണ്ടതാണ്. സുവിശേഷത്തെ മായം ചേർക്കാതെ പ്രസംഗിക്കേണ്ടതുണ്ട് (മത്തായി 28:18-20). ക്രിസ്തു പഠിപ്പിച്ചതു ഒക്കെയും ആളുകൾ അനുസരിക്കണം. യേശുക്രിസ്തുവിന്റെ മാതൃക ലോകത്തിനു കാണിച്ചുകൊടുക്കേണ്ട ഉത്തരവാദിത്വവും ഇന്നു സഭയ്ക്കാണുള്ളത്. തന്റെ ഗിരിപ്രഭാഷണത്തിൽ യേശുക്രിസ്തു പറഞ്ഞതു; അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5:16) എന്നാണ്.

യേശുക്രിസ്തുവിന്റെ ജീവിതം ദൈവേഷ്ട പ്രകാരമായിരുന്നു. അപ്പൊസ്തലന്മാർ യേശുക്രിസ്തുവിനെയാണ് അനുകരിച്ചതു. സഭയും ക്രിസ്തുവിനു കീഴ്പ്പെട്ടു അവനെ അനുകരിക്കണം (1 കൊരിന്ത്യർ 11:1). പൌലൊസ് തിമൊഥെയോസിനെ പ്രബോധിപ്പിക്കുന്നതു വാക്കിലും നടപ്പിലും വിശ്വാസികൾക്കു മാതൃകയായിരിക്ക എന്നാണ് (1 തിമൊഥെയൊസ് 4:12). നിർമ്മല മനസാക്ഷിയോടെ ജീവിച്ച് ദൈവത്തിനു മഹത്വം കൊടുക്കേണ്ട ഉത്തരവാദിത്വവും സഭയ്ക്കുണ്ട്. ലൗകികരായി ജീവിക്കുന്ന ആളുകൾക്കു, ദുരിതമനുഭവിക്കുന്നവർക്കു, നിസ്സഹായരായി തീർന്നവർക്കു സഭ ഒരു അത്താണിയായി തീരണം.

ക്രിസ്ത്യാനികൾ, മൊത്തമായി ഇടവകകൾ, സുവിശേഷീകരണത്തിന്റെ ഫലമായി പരിവർത്തനം നടന്നു കാണാതിരിക്കുമ്പോൾ നിരാശപ്പെടേണ്ട കാര്യമില്ല.

★

# എത്രയും വേഗമെങ്കിൽ അത്രയും നന്ന്

പിയേഴ്സ് ബ്രൗൺ

ഫാസ്റ്റ്ഫുഡ് യുഗത്തിലാണ് നാം ജീവിക്കുന്നത്. എത്രയും വേഗത്തിൽ ഓരോ കാര്യം ചെയ്തു കിട്ടുവാനാണ് ആളുകൾ താല്പര്യപ്പെടുന്നത്. ബാങ്കുകളിൽ, വ്യവസായ സ്ഥാപനങ്ങളിൽ എല്ലാം തന്നെ ഉടനെ ഓരോന്നു ചെയ്തു തീർക്കുവാൻ ആളുകൾ വെമ്പൽ കൊള്ളുന്നു. സമയക്കുറവാണ് പലർക്കും. പക്ഷെ ദിവസം ഇരുപത്തിനാലു മണിക്കൂറുണ്ട്. അതു പോരാ എന്നായിരിക്കുന്നു. എന്താണിതിനു കാരണം. ചില സ്ഥാപനങ്ങളിൽ വേഗം കൂട്ടാൻ മിഷ്യനുകൾ സ്ഥാപിച്ചിരിക്കയാണ്. മന്ദ ഗതിയിൽ പോകുന്ന ബസിൽ കയറാൻ തന്നെ ആളുകൾ മടിക്കുന്നു. കമ്പ്യൂട്ടർ വന്നതോടെ വളരെ എളുപ്പം കണക്കുകൂട്ടാനും ബില്ലുകൾ നല്കാനും കഴിയുന്നു. ഇന്നലെ വളരെ പതുക്കെയായിരുന്നു പ്രവർത്തനങ്ങൾ ഇന്നു വേഗത്തിൽ ആയി. നാളെ ഇതിലും വേഗത്തിൽ നടക്കാൻ ആണ് ആളുകൾ ആഗ്രഹിക്കുന്നത്. ഇപ്പോൾ നാം സ്വിച്ച് ഇട്ടാൽ ലൈററ് കത്തും. മുൻപ് ഇതൊന്നുമില്ലാതിരുന്നപ്പോൾ വളരെ സമയമെടുത്താണ് ആളുകൾ വെളിച്ചം കണ്ടെത്തിയത്. ഇനി ആളുകൾ വിചാരിക്കുമ്പോൾ സ്വിച്ച് ഇടാതെ തന്നെ വെളിച്ചം കിട്ടണമെന്നാവും ഇനിയുള്ള ആഗ്രഹം.

നാം ബൈബിളിലേക്കു നോക്കുമ്പോൾ ഇതിൽ നിന്നു വ്യത്യസ്ഥമായ തത്വങ്ങളാണ് പഠിക്കുന്നത്. ഇന്നലെ നാം ചെയ്യേണ്ടതായ ചില കാര്യങ്ങൾ ഉണ്ടായിരുന്നു എന്നതു വാസ്തവമാണ്. നാളെ സമയം കിട്ടുമെന്ന വിചാരത്തോടെ നീട്ടി വെക്കുന്നതിന്റെ അപകടത്തെ പററി ബൈബിൾ പഠിപ്പിക്കുന്നുണ്ട്. എന്നാൽ രക്ഷയെ സംബന്ധി

ച്ച് പൌലൊസ് ഓർപ്പിക്കുന്നതു ഇപ്പോൾ ആകുന്നു രക്ഷാ ദിവസം എന്നാണ് (2 കൊരിന്ത്യർ 6:2). കാരണം വളരെ സ്പഷ്ടമാണ്. നമ്മുടെ ജീവിതം നമ്മുടെ അധികാര പരിധിയിൽ പെടുന്നതല്ല. മരണം ഏതു സമയത്തും ആർക്കും ഉണ്ടാകാം. അതുകൊണ്ടു രക്ഷ നീട്ടി വെക്കാവുന്നതല്ല. ഇതെല്ലാവരും ചിന്തിക്കുന്നുണ്ടോ എന്നതാണ് ചോദ്യം.

എന്നാൽ ബൈബിൾ ശ്രദ്ധയോടെ വായിച്ചാൽ അതിവേഗം ചെയ്യുന്ന എല്ലാ കാര്യങ്ങളും നല്ല വഴികളല്ല എന്നു കാണാം. ഇസ്രായേൽ ജനം മിസ്രയീമിൽ അടിമകളായിരുന്നല്ലൊ. പത്തു ബാധകൾ അയച്ചശേഷമാണ് ഫറവോൻ അവരെ വിട്ടയച്ചത്. ഫറവോൻ ജനത്തെ വിട്ടയച്ചശേഷം ഫെലിസ്ത്യരുടെ ദേശത്തു കൂടിയുള്ള വഴി അടുത്തതു എന്നു വരികിലും ജനം യുദ്ധം കാണുമ്പോൾ പക്ഷേ അനുതപിച്ചു മിസ്രയീമിലേക്കു മടങ്ങി പോകുമെന്നുവെച്ചു ദൈവം അവരെ അതുവഴി കൊണ്ടുപോയില്ല. ചെങ്കടലരികെയുള്ള മരുഭൂമിയിൽ കൂടി ദൈവം ജനത്തെ ചുററി നടത്തി (പുറപ്പാട് 13:17).

അടിമത്വത്തിൽ നിന്നു സ്വതന്ത്രരായ ജനത്തിനു വളരെ വേഗത്തിൽ ലക്ഷ്യ സ്ഥാനത്തെത്തുവാൻ ആഗ്രഹമുണ്ടായിരിക്കും എന്നതിൽ സംശയമേ ഇല്ല. അങ്ങനെ വിചാരിക്കുന്നതു യുക്തിരഹിതമാവുകയില്ല. എന്നാൽ അവർക്കു ഏററവും നല്ലത് എന്തെന്നു ദൈവത്തിനറിയാം. ദൈവത്തിൻെറ ഈ തീരുമാനത്തിനു രണ്ടു കാരണങ്ങൾ വ്യക്തമായി കാണാം. ഏററവും ദൂരം കുറഞ്ഞ വഴി ഫെലിസ്ത്യരുടെ ദേശത്തു കൂടിയുള്ള വഴിയാണ്. അതിൽ കൂടിപോകുമ്പോൾ അവരുമായി യുദ്ധത്തിൽ ഏർപ്പെടേണ്ടിവരും. അതുകൊണ്ടു പലരും മിസ്രയീമിലേക്കു തന്നെ ഓടിപോകാൻ സാദ്ധ്യതയുണ്ട്. അതു അവരിൽ അനേകരുടെ ജീവനു തന്നെ ഭീഷണി ഉയർത്തിയേക്കാം. മാത്രമല്ല, അടിമകളായിരുന്നപ്പോൾ ഏല്ക്കേണ്ടിവന്ന

മർദ്ദനങ്ങൾ, നിമിത്തവും കഠിനാദ്ധ്വാനം നിമിത്തവും അവരുടെ സന്തോഷവും സ്വാതന്ത്ര്യവും എല്ലാ നിലയിലും കുറഞ്ഞിരുന്ന സമയമായിരുന്നു. അതുകൊണ്ടു അവർക്കു ബുദ്ധിപരമായ തീരുമാനവും തിരഞ്ഞെടുപ്പും എടുക്കാൻ പററിയ അവസരമായിരുന്നില്ല അവരുടേത്. അതു നാം പരിഗണിക്കേണ്ട ഒരു തത്വം തന്നെയാണ്.

ഒരു വ്യക്തിയുടെ ജീവിതത്തിൽ ആത്മിയത, അച്ചടക്കം, ക്രിസ്തുവിൻെറ ഭാവം, പക്വത എന്നീ കാര്യങ്ങൾ വളർത്തിയെടുക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത് ഭൗതികമായ കാര്യങ്ങൾ വിജയകരമായി ചെയ്തു തീർക്കുന്നതിനോ, ഓരോന്നും വളരെ വേഗം ചെയ്തു വളരെ കാര്യങ്ങൾ ചെയ്യണമെന്നോ ഒന്നുമല്ല ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്. സഭയിലെ എല്ലാ അംഗങ്ങളും ഉപദേഷ്ടാക്കന്മാരും മൂപ്പന്മാരും ഇതു തിരിച്ചറിഞ്ഞിരിക്കണം. ഒരു തെങ്ങു നട്ട ഉടനെ അതു കായ്ക്കണം എന്നു വിചാരിക്കുന്നതു മൗഢ്യമാണ്. അതുപോലെ ഒരു ക്രിസ്ത്യാനിയായി തീരുന്ന ഒരാൾ ഉടനെ തന്നെ എല്ലാററിലും തികഞ്ഞവൻ ആകണം എന്നു ശഠിക്കുന്നതു തെററാണ്. രണ്ടിനും സമയം എടുക്കും. ദൈവ വചന പഠനത്തിനു സമയം എടുക്കും. ഒരു തവണ വായിച്ചു കഴിഞ്ഞാൽ ബൈബിളിലെ എല്ലാ കാര്യങ്ങളും അറിയാമെന്നു ധരിക്കരുത്.

പെട്ടെന്നു ചെയ്തു തീർക്കേണ്ട കാര്യങ്ങളും സമയമെടുത്തു ചെയ്തു തീർക്കേണ്ട കാര്യങ്ങളും തമ്മിൽ ആശയക്കുഴപ്പം ഉണ്ടാകരുത്. രണ്ടിനേയും ശരിയായി വിവേചിച്ച് വേണം ചെയ്യുവാൻ. യേശു ക്രിസ്തു നമുക്കു കാണിച്ചു തന്ന മാതൃക ശ്രദ്ധിക്കുക. ആരാധന കാസററിലാക്കി കേൾക്കുന്നതു സമയ ലാഭത്തിനാണെങ്കിൽ അവരുടെ അജ്ഞത എത്രമാത്രമുണ്ടെന്നു ഊഹിക്കാം. അപ്പൊസ്തലന്മാരും അവർ സമയമെടുത്താണ് സുവിശേഷവേല ചെയ്തതു. അവരുടെ ക്രിസ്തീയ സേവനം ലോകത്തെ

കീഴ്മേൽ മറിക്കുന്നവയായിരുന്നു. ഏതൊരു പ്രവർത്തിയായാലും ആലോചിച്ച് സമയമെടുത്ത് ചെയ്യുമ്പോൾ അതിന്റെ ഫലം ശരിയായി അനുഭവിക്കാം. ഒരു ശിശു ജനിച്ച ഉടനെ നടക്കുകയോ സംസാരിക്കുകയോ ചെയ്യാറില്ല. അതിനു സമയമെടുക്കും. ആത്മീയ ശിശുക്കൾ പൂരുഷത്വം പ്രാപിക്കുവാൻ വളരെ പരിശ്രമിക്കേണ്ടതാണ്.

പത്രോസ് നല്കുന്ന ഉത്തേജനം ശ്രദ്ധിക്കുക. അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും, വീര്യത്തോടു പരിജ്ഞാനവും, പരിജ്ഞാനത്തോടു ഇന്ദ്രിയജയവും, ഇന്ദ്രിയ ജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും, ഭക്തിയോടു സഹോദര പ്രീതിയും, സഹോദര പ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ (2 പത്രൊസ് 1:4-7). ഇതു ഒററയടിക്കു വർദ്ധിപ്പിക്കാൻ മനുഷ്യർക്കു ആർക്കും കഴിയുകയില്ല. പക്ഷേ ക്രമേണ ഇതു വർദ്ധിപ്പിക്കുന്നവർക്കു യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് ഉത്സാഹവും ഫലവും പുറപ്പെടുവിക്കും. ആത്മീക വളർച്ചയും വർദ്ധനയും അങ്ങനെയുള്ളവരിൽ കണ്ടെത്താം.

വീണ്ടും വീണ്ടും അടിസ്ഥാനമിടാതെ പരിജ്ഞാനപൂർത്തി പ്രാപിക്കുവാനാണ് എബ്രായ ലേഖകൻ നമ്മെ ഉത്തേജിപ്പിക്കുന്നത് (എബ്രായർ 6:2). ക്രിസ്തു എന്ന തലയോളം സകലത്തിലും നാം വളരേണം (എഫേസ്യർ 4: 15). ഇതെല്ലാം വളരെ വേഗത്തിൽ ഉണ്ടാകണമെന്നു ശഠിക്കാമോ ? ക്രിസ്തീയ മനോഭാവം എല്ലാം തന്നെ നാം സ്വയമായി വളർത്തിയെടുക്കേണ്ടതാണ്. യാദൃശ്ചികമായോ യാന്ത്രികമായോ ഉണ്ടാകുന്ന മാററമല്ല അത്. നമ്മുടെ ജീവിതത്തിൽ കഷ്ടതയും ദുഃഖവും നേരിടുമ്പോൾ നാം അതു പെട്ടെന്നു നീങ്ങിപ്പോകുവാൻ ആഗ്രഹിക്കും.

★

# ആത്മീയാരാധന

## വാൾട്ടർ സ്വെയിൻ

ദൈവത്തെ പല രീതിയിലാണല്ലൊ മനുഷ്യർ ഇന്ന് ആരാധിക്കുന്നത്. അതിനു കാരണം വിവിധ ഉപദേശങ്ങളും പാരമ്പര്യവുമാണ്. ദൈവം അവരവർക്കു ഇഷ്ടമുള്ള ആരാധന നടത്തുവാനാണോ ആഗ്രഹിക്കുന്നത് ? അതോ ദൈവത്തിനു പ്രസാദകരമായ ആരാധനാ രീതി വെളിപ്പെടുത്തിയിട്ടുണ്ടോ എന്നീ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം കണ്ടെത്തണം. യേശുക്രിസ്തുവിന്റെ കാലയളവിൽ തന്നെ അവൻ അതു വെളിപ്പെടുത്തിയിട്ടുണ്ട്. ശമര്യക്കാരിയായ ഒരു സ്ത്രീ കിണററിൽ നിന്നു വെള്ളം കോരുന്നതു കണ്ടപ്പോൾ അവൻ അവളോടു യഥാർത്ഥ ആരാധന എന്തെന്നു വെളിപ്പെടുത്തി. ആരാധന വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. പറയാത്ത രീതിയിലുള്ള ആരാധന അവൻ ഇഷ്ടപ്പെടുകയില്ല. അറിയാതെ കാര്യങ്ങൾ ചെയ്തു വ്യർത്ഥാഭിമാനികൾ ആകാതെ സത്യം അറിഞ്ഞു അതിന്റെ ഫലം അനുഭവിക്കാൻ കഴിയുന്നതാണ് ഉചിതം.

ശമര്യക്കാരിയോടുള്ള സംഭാഷണം നമുക്കു ശ്രദ്ധിക്കാം. ആ സ്ത്രീ വാസ്തവത്തിൽ പരിഭ്രാന്തിയിലാണ്. സ്ത്രീ അവനോടു: ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിക്കുന്നു. നമസ്കരിക്കേണ്ടുന്ന സ്ഥലം യെരുശലേം ആകുന്നു എന്നു നിങ്ങൾ പറയുന്നു എന്നു പറഞ്ഞു. യേശു അവളോടു പറഞ്ഞതു: സ്ത്രീയേ എന്റെ വാക്കു വിശ്വസിക്ക. നിങ്ങൾ പിതാവിനെ നമസ്കരിക്കേണ്ടുന്നതു ഈ മലയിലുമല്ല; യെരുശലേമിലുമല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു. ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു. രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലൊ വരുന്നതു. സത്യ നമസ്കാരികൾ പിതാവിനെ ആത്മാ

വിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം (യോഹന്നാൻ 4:20-24).

ശമര്യർ ആരാധന ആരംഭിക്കുന്നതു യെഹൂദന്മാർ ബാബേൽ പ്രവാസം കഴിഞ്ഞു മടങ്ങി വന്നപ്പോഴാണ്. യെരുശലേമിനേയും യെരുശലേം ദേവാലയത്തേയും പുതുക്കി പണിയുവാനുള്ള അവസരം അവർക്കു ലഭിച്ചിട്ടു അവർ അതിനെ സ്വീകരിക്കാതെ ശമര്യയിലേക്കു പോയി അവർ തങ്ങളുടേതായ ആരാധന ആരംഭിക്കുകയാണു ചെയ്തതു. അതു യേശുവിന്റെ വരവു വരെ തുടർന്നുകൊണ്ടിരുന്നു. യേശു ഒരു പ്രവാചകൻ എന്നു തിരിച്ചറിഞ്ഞപ്പോൾ തന്നെ അവളിൽ നിന്നു സംശയം ഉണർന്നു. എന്തുകൊണ്ടു യെഹൂദന്മാർ യെരുശലേമിലും ശമര്യക്കാർ ശമര്യയിലും ആരാധിക്കുന്നു എന്നതാണ് അവരുടെ സംശയം. എന്നാൽ യേശുവിന്റെ മറുപടി വരുവാനുള്ള ആരാധനയെ സംബന്ധിച്ചായിരുന്നു. ക്രിസ്തീയ കാലഘട്ടത്തിൽ ആളുകൾ എങ്ങനെ ദൈവത്തെ നമസ്കരിക്കേണം എന്ന അറിവു അവൻ അവൾക്കു പകർന്നു കൊടുത്തു. ആരായിരുന്നാലും ഒരാളെയാണ് നമസ്കരിക്കേണ്ടതു. അതു ഒരു രീതിയിൽ മാത്രമായിരിക്കണം.

ദൈവത്തെ ആരാധിക്കുന്നവർ മുഖ്യമായി രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം. ക്രിസ്തീയാരാധനയുടെ സ്വഭാവം നാം അറിഞ്ഞിരിക്കണം. അറിവില്ലാത്ത ആരാധനയായിരിക്കരുത് നാം ദൈവത്തിനു സമർപ്പിക്കുന്നതു. അതു ആത്മാവിൽ ആയിരിക്കണം. അടുത്തതു ക്രിസ്തീയാരാധനയുടെ ഉദ്ദേശം തിരിച്ചറിഞ്ഞിരിക്കണം. അതു സത്യമായിരിക്കണം. ദൈവ വചനമാണ് സത്യം. ആത്മാവ് ദൈവത്തിന്റേതാണ്. സത്യവും ആത്മീയ സ്വഭാവ

വും ആരാധനയിൽ ഇല്ലെങ്കിൽ ആ ആരാധന ദൈവം സ്വീകരിക്കയില്ല. ഇതിനു പകരമായി ഒരു മാനസിക തൃപ്തിയോ സാമൂഹിക അംഗീകാരമോ ലക്ഷ്യമാക്കി ദൈവത്തെ ആരാധിച്ചാൽ അതിൽ ദൈവം ഒരിക്കലും സംപ്രീതനാകയില്ല.

നാം ആരാധനക്കു സമർപ്പിക്കുന്നതു എന്തോ അതിനനുസരിച്ചായിരിക്കും നമ്മുടെ ആരാധനയുടെ സ്വഭാവം. ദൈവം ആത്മാവായതുകൊണ്ടാണ് നാം അവനെ ആത്മാവിൽ നമസ്കരിക്കേണ്ടതു. നമ്മെ അവൻ ആത്മീയരൂപത്തിലാണ് സൃഷ്ടിച്ചതും. നമ്മുടെ ഉള്ളിൽ ഉള്ള ആത്മാവ് ദൈവത്തിന്റേതാണ്. ഹൃദയത്തെ ആത്മാവായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. ദൈവാത്മാവിനെ നമ്മുടെ ഉള്ളിലാക്കിയിരിക്കയാണ്. നമ്മുടെ മനസ്സിൽ നിന്നു, ഹൃദയത്തിൽ നിന്നു എന്തു പുറത്തു വരുന്നു എന്നതിനു പ്രാധാന്യം കൊടുത്തുകൊണ്ടാണ് ക്രിസ്തീയ നമസ്കാരത്തെ എടുത്തു കാണിച്ചിരിക്കുന്നത്. നാം പാട്ടുപാടുമ്പോൾ അതു ഹൃദയത്തിൽ നിന്നു വരേണ്ടിയിരിക്കുന്നു (എഫെസ്യർ 5:19). ഹൃദയ ശുദ്ധി വേണമെന്നു പറയാൻ കാരണം ശുദ്ധമായ ഹൃദയത്തിലേ ദൈവം വസിക്കയുള്ളു. സഭായോഗവും ആരാധനയും യോജിച്ചു നില്ക്കുന്നവയാണ്. ആത്മീയാരാധന വിവേകത്തോടെ ചെയ്യേണ്ടതാണ്. അതു ആത്മിക വർദ്ധനവിനു ഉതകേണ്ടതാണ്; സകലതും ഉചിതമായും ക്രമമായും നടക്കണം. നാം ആരാധിക്കുമ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ടാകണം.

പുറമെയല്ല നാം ആരാധനയിൽ വിളങ്ങേണ്ടതു. നമ്മുടെ ആന്തരിക വിശുദ്ധിയാണ് വിളങ്ങേണ്ടത്. ദൈവത്തോടുള്ള ഭക്തി നാം പ്രകടിപ്പിക്കുമ്പോൾ അതു നമുക്കും മററുള്ളവർക്കും ഒരുപോലെ പ്രയോജനപ്പെടണം. അതിനു ഉത്തമമായ മാതൃക നാം സ്വീകരിക്കണം. പുതിയ നിയമത്തിൽ യേശുക്രിസ്തുവിൽ നിന്നു അപ്പൊസ്ത

ലന്മാർ സ്വീകരിച്ചതും അവരിൽ നിന്നു പ്രഥമ ക്രിസ്ത്യാനികൾ എടുത്തതുമായ മാതൃകയാണ് നമ്മും എടുക്കേണ്ടതു. സകലതും ഉചിതമായും ക്രമമായും നടത്തണം. നാം കൂടി വരുന്നതുകൊണ്ടു ആത്മിക വർദ്ധന സംഭവിക്കുന്നില്ലെങ്കിൽ അതുകൊണ്ടു പ്രയോജനമില്ല. സത്യാരാധനയിൽ നാലു ഘടകങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1 നാം ദൈവത്തെ അനുസരണത്തോടെ വേണം ആരാധിക്കുവാൻ. ബൈബിളിലെ ആദ്യത്തെ ആരാധനയിൽ ഇതു സ്ഥാപിച്ചിരിക്കുന്നു. ഒരു മൃഗ ബലി ദൈവത്തിനു അർപ്പിക്കണമെന്ന കല്പന കയീൻ അനുസരിച്ചില്ല. എന്നാൽ ഹാബേൽ ദൈവത്തെ അനുസരിച്ചു (എബ്രായർ 11:4). ദൈവം അവന്റെ യാഗത്തിൽ പ്രസാദിച്ചില്ല. അവൻ തന്റെ മനോഭാവം മാററി നന്മയായുള്ളതു പ്രവർത്തിക്കാൻ ആവശ്യപ്പെട്ടു. പക്ഷെ അവനു അതിനു മനസായില്ല.

2 നാം ദൈവത്തെ നമസ്ക്കരിക്കുമ്പോൾ അവൻ കല്പിച്ചതുപോലെ മാത്രമെ നമസ്ക്കരിക്കാവു. നാദാബും അബീഹൂവും അന്യാഗ്നി ഉപയോഗിച്ച് യാഗം അർപ്പിച്ചു. അതായതു ദൈവം കല്പിച്ചിട്ടില്ലാത്ത അഗ്നി ഉപയോഗിച്ചു. അതു നിരസിക്ക മാത്രമല്ല, ദൈവം അവരെ കൊന്നുകളയുകയും ചെയ്തു.

3 ആരാധന ദൈവത്തിനു മാനവും പുകഴ്ച്ചയും കൊടുക്കണം. ആരാധനാ മദ്ധ്യേ ദൈവം ഉണ്ട്. വിനോദത്തിനു വേണ്ടിയാകരുത് ആരാധന. മനുഷ്യരെ പ്രസാദിപ്പിക്കുവാനല്ല; ദൈവത്തെ പ്രസാദിപ്പിക്കുവാനാണ് അവനെ നമസ്ക്കരിക്കുന്നത്.

4 ആരാധനയുടെ ഓരോ പ്രവർത്തിക്കും ഓരോ ഉദ്ദേശമുണ്ട് എന്നു നാം മനസിലാക്കണം. കർത്തൃമേശ, കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നതിനും അവനെ ഓർക്കേണ്ടതിനുമാണ്. അതുപോലെ തന്നെ മററെല്ലാം.

★

YOUR ATTENTION PLEASE

# Radio Srilanka Broadcasts

| | |
|---|---|
| **GLISH-** | The Voice Of Truth- Speakers: **Reggi Gnanasundaram** And J.C.Choate Fridays: 7:45 to 8:00 p.m.All Correspondence should be sent to Post Box.3815 New Delhi-110049 |
| **NDI-** | Sathya Susamachar.Speaker- **Sunny David** At 8:45 p.m. on Sundays and 9:00 p.m on Thursdays<br>All Correspondence should be sent to<br>Post Box.3815 New Delhi-110049 |
| **ANNADA-** | The Voice Of Truth. Speaker-**Robert Rathnakar**<br>Box. 448,Bangalore- 560004<br>Sundays: 1:45 to 2:00 p.m. |
| **ALAYALAM-** | The Voice Of Truth. Speaker- **P.K.Varghese**<br>All Correspondence should be sent to<br>Post Box. 5540<br>Trivandrum 695034, Kerala, India<br>Fridays: 3:45 p.m. |
| **AMIL-** | The Way Of Truth. Speaker- **P.R.Swamy**<br>At 6:45 p.m. on Sundays, 5:45 p.m. on Thursdays, and 5:30 p.m. on Fridays |
| **ELUGU-** | The Voice Of Truth. Speaker- **Joshua Gootam**<br>At 2:00 p.m. on Mondays, Tuesdays, Thursdays, And Sundays. All Correspondence should Be sent to Post Box. 80, Kakinada 533001 |

**ALL ARE ENCOURAGED TO LISTEN**

Reg. No.K. Dis 90095/86/A8. Reg. No.KL/TV (N) 22/2001

JOIN US FOR WORSHIP

## THE CHURCH OF CHRIST MEETS

TO **worship** on
**Sundays at 10 a.m**
And for **Bible study**
On **Tuesdays at 6 p.m**
T.C.27/225
**THAMPURANMUKKU**
Trivandrum – 695037
**ALL ARE WELCOME**

All correspondence should be sent to The Editor
Bible Truth Post Box No.5540, Trivandrum-34, Kerala, India

**From**
**THE BIBLE TRUTH**
**Church Of Christ**
Thampuranmukku
**Trivandrum – 695037**
Kerala, India
Phone : 303378